ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി നോൺപ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മഴക്കാലം കഴിഞ്ഞാലുടൻ പണി തുടങ്ങുവാൻ നടപടി സ്വീകരിക്കുന്നതാണ്.

കോതി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

58 [5037] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോതി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ;

(സി) അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസ സൗകര്യം നൽകാൻ പരിപാടിയുണ്ടോ?

ഉത്തരം

(എ, ബി) അപ്രോച്ച് റോഡിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) 278 കുടുംബങ്ങൾ.

(ഡി) കോഴിക്കോട് കോർപ്പറേഷൻ ഇവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മൂക്കത്ത്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം

59 [5038] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂക്കത്ത്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം തടസ്സങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് നിർമ്മാണത്തിനായി എത്ര സ്ഥലം അക്വയർ ചെയ്തു; അക്വിസിഷൻ ഇനത്തിൽ ചെലവ് ചെയ്ത തുകയും കുടിശ്ശിക ഉണ്ടെങ്കിൽ അത് എത്രയാണെന്നും പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച തീയതിയും പണി പൂർത്തിയാക്കിയ തീയതിയും അപ്രോച്ച് റോഡ് പണി ആരംഭിച്ച തീയതിയും അറിയിക്കാമോ;

(ഡി) ഇതിനായി എത്ര തുക ഇതേവരെ ചെലവ് ചെയ്തു; എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഇ) സമയബന്ധിതമായി റോഡ് പണി പൂർത്തിയാക്കി പാലം ഗതാഗത യോഗ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) അപ്രോച്ച് റോഡിന്റെ പണി നടന്നുവരുന്നു. കാലവർഷം അപ്രോച്ച് റോഡിന്റെ പണികൾ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(ബി) കടലുണ്ടിയിൽ 0.4425 ഹെക്ടറും വള്ളിക്കുന്നിൽ 0.4798 ഹെക്ടറും സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. തുകയെ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം ശേഖരിച്ചു നൽകുന്നതാണ്.

(സി) 20-12-1991-ൽ പാലം പണി ആരംഭിച്ച് 25-3-1994-ൽ പൂർത്തിയാക്കി.
10-12-1999-ൽ അപ്രോച്ച് റോഡിന്റെ പണി ആരംഭിച്ചു.

(ഡി) പാലം നിർമ്മാണത്തിന് ഇതേവരെ 20,58,682 രൂപയും റോഡിന്റെ നിർമ്മാണത്തിന് 24,95,837 രൂപയും ചെലവായിട്ടുണ്ട്. 2003-04-ൽ ഈ പണികൾക്കായി തുക വകയിരുത്തിയിട്ടില്ല.

(ഇ) സ്വീകരിക്കുന്നതാണ്.

ഉമ്മത്തൂർ-ആനക്കടവ് പാലം

60 [5039] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഉമ്മത്തൂർ-ആനക്കടവ് പാലം നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് എന്തു തുകയാണ് വകകൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പാലംപണി ആരംഭിക്കുന്നതിന് ഇപ്പോഴത്തെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഉമ്മത്തൂർ-ആനക്കടവ് പാലം എന്നത്തേക്ക് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly